പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – T6112
28.10.2011-ലെ മറുപടിക്ക്

<u>ഹയർസെക്കണ്ടറി അധ്യാപകരുടെ ശമ്പളപരിഷ്കരണം</u>

| ചോദ്യം<br>ശ്രീ. പി.സി. ജോർജ്ജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എൻ. ജയരാജ് | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു:ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ഹയർസെക്കണ്ടറി അധ്യാപകരുടെ ശമ്പള പരിഷ്കരണം അവസാനമായി നടന്നത് എന്നാണ്; | 26/02/2011 ലെ ജി.ഒ.(പി) നം.85/2011/ധന പ്രകാരമുള്ള ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ചാണ് ഹയർസെക്കന്ററി അധ്യാപകരുടെ ശമ്പള പരിഷ്കരണം അവസാനമായി നടന്നത്. |
| (ബി) | പ്രസ്തുത ശമ്പളപരിഷ്കരണത്തിൽ അനോമലി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സർവ്വീസ് സംഘടനകളും മറ്റും ശമ്പള പരിഷ്കരണത്തിൽ അപാകതകൾ ഉള്ളതായിക്കാണിച്ച് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട് . |
| (സി) | ഇത് സംബന്ധിച്ച് അധ്യാപക സംഘടനകളുടെ നിവേദനം ലഭിച്ചുവോ; ആയതിൻമേൽ നടപടി കൈക്കൊണ്ടിട്ടു ണ്ടോ; വ്യക്തമാക്കുമോ; | അധ്യാപക സർവ്വീസ് സംഘടനകളുടേയും മറ്റ് വ്യക്തികളുടേയും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾ 26/05/2011 ലെ 29/2011/ധന നമ്പർ സർക്കുലറിലെ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) നിർദ്ദേശങ്ങൾക്കനുസരിച്ച് അതാതു വകുപ്പ് തലവൻമാർ, ഭരണവകുപ്പ് എന്നിവരുടെ അഭിപ്രായം തേടി സ്പെഷ്യൽ റൂൾസ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് നടപടി എടുത്തുവരുന്നു. |
| (ഡി) | ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടിയെന്നനിലയിൽ ധനകാര്യ വകുപ്പിൽ അനോമലി റെക്ടിഫിക്കേഷൻ സെൽ എന്നൊരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.